# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1233** **30-08-2022 - ൽ മറുപടിയ്ക്ക്**

## എസ്.പി. പുരം - കാന്തല്ലൂർ റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ എസ്.പി. പുരം - കാന്തല്ലൂർ റോഡ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിലെ എസ്.പി.പുരം - കാന്തല്ലൂർ റോഡ് നിർമ്മാണത്തിന് 2020-21 ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും വനം വകുപ്പിൽ നിന്നുള്ള എതിർപ്പ് കാരണം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന്റെ ആകെ ദൈർഘ്യം എത്രയെന്നും, ഇതിൽ എത്ര കിലോമീറ്റർ ദൂരം വനത്തിലൂടെ കടന്നുപോകുന്നുണ്ടെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ ദൈർഘ്യം 16 കി.മീ. ആണ്. അതിൽ 7-ാം കിലോമീറ്റർ മുതൽ 14-ാം കിലോമീറ്റർ വരെ (7 കി.മീ.) നിബിഢ വനത്തിൽ കൂടിയാണ് കടന്ന് പോകുന്നത്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (സി) | ഈ റോഡിന്റെ പകുതിയോളം നിബിഢ വനത്തിലൂടെ കടന്ന് പോകുന്നതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ റോഡ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ